പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 885 **10.06.2019-ൽ മറുപടിയ്ക്ക്**

വനം കയ്യേറ്റം തടയുന്നതിന് നടപടി

| ചോദ്യം<br>**ശ്രീ.സി. ദിവാകരൻ** | മറുപടി<br>**അഡ്വ. കെ.രാജു**<br>**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)** |
|---|---|

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനം കയ്യേറ്റം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വനം കൈയ്യേറ്റം കണ്ടെത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ജില്ല | കയ്യേറിയ വനഭൂമിയുടെ വിസ്തൃതി (ഹെക്ടർ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കൊല്ലം | 0.322 | ഒഴിപ്പിച്ചു |
| 2 | തൃശ്ശൂർ | 1.3279 | ഒഴിപ്പിച്ചു |
| 3 | ഇടുക്കി | 3.04 | |
| 4 | പാലക്കാട് | 41.998 | ഒഴിപ്പിച്ചു |
| 5 | കോഴിക്കോട് | 5.004 | |
| 6 | വയനാട് | 68.0750 | ഒഴിപ്പിച്ചു |

**(ബി)** വനം കൈയ്യേറ്റവുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

**(ബി)**

| ക്രമ നം. | ജില്ല | രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 4 |
| 2 | കൊല്ലം | 9 |
| 3 | പത്തനംതിട്ട | 1 |
| 4 | ഇടുക്കി | 10 |
| 5 | തൃശ്ശൂർ | 6 |
| 6 | പാലക്കാട് | 124 |
| 7 | മലപ്പുറം | 110 |
| 8 | കോഴിക്കോട് | 4 |
| 9 | കണ്ണൂർ | 10 |

**(സി)** വനം കയ്യേറ്റം തടയുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**(സി)** പുതുതായിട്ടുണ്ടാകുന്ന കയ്യേറ്റശ്രമങ്ങളെല്ലാം അപ്പപ്പോൾ തന്നെ ഒഴിപ്പിച്ച് വരുന്നുണ്ട്. എന്നാൽ പുതിയ കയ്യേറ്റ ശ്രമങ്ങൾ അപ്പപ്പോൾ തന്നെ തടയുകയും ഇപ്രകാരമുള്ള പുതിയ കയ്യേറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ച് വരുന്നുമുണ്ട്. 01/01/1977 ന് ശേഷമുള്ള കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഒ.പി. 18467/2002,1947/2003 എന്നീ നമ്പർ കേസുകളിൽ 04/09/15 -ൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി കയ്യേറിയ ഭൂമിയിൽ നിന്നും കയ്യേറ്റക്കാർക്ക് സമയപരിധി വച്ച് ഒഴിഞ്ഞ് പോകാൻ

നോട്ടീസുകൾ നൽകി വരുന്നു. എന്നാൽ തദ്ദേശീയ രാഷ്ട്രീയ, സാമുദായിക സംഘടനകളുടെയും കയ്യേറ്റക്കാരുടെയും സംഘടിതമായ ചെറുത്തു നിൽപ്പിനെ തുടർന്ന് ഒഴിപ്പിക്കൽ നടപടികളിൽ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ജി.ഒ(എം.എസ്) നമ്പർ 69/2002/വനം തീയതി 08/11/2002 പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായുള്ള സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയെ നിയമിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ടി കമ്മിറ്റി വർഷത്തിൽ രണ്ട് പ്രാവശ്യം യോഗം ചേരുകയും കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ അവലോകനം ചെയ്യുന്നതുമാണ്. അതേപോലെ തന്നെ സർക്കിൾ കൺസർവേറ്റർമാർ ചെയർമാൻമാർ ആയ അഞ്ച് സർക്കിൾ ലെവൽ കമ്മിറ്റികളും ജി.ഒ (എം.എസ്) 15/03/വനം തീയതി 06/03/2003 പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിലേക്കായി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. മേൽപടി കമ്മിറ്റി 3 മാസത്തിലൊരിക്കൽ യോഗം കൂടി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നുണ്ട്.

വനഭൂമി കയ്യേറ്റം ചെറുക്കുന്നതിനും വനഭൂമി സംരക്ഷിക്കുന്നതിനും വനാതിർത്തികളിൽ ജണ്ടകൾ, കയ്യാലകൾ എന്നിവ നിർമ്മിക്കുകയും, നശിച്ചതും നിലവിലുള്ളതുമായവയുടെ അറ്റകുറ്റപ്പണികൾ നടത്തിയും, നിരന്തരമായി അതിർത്തി പരിശോധന, പെട്രോളിംഗ് എന്നിവ നടത്തിയും കയ്യേറ്റ ശ്രമങ്ങൾ സംബന്ധിച്ച് വിവരശേഖരണം നടത്തിയും കയ്യേറ്റശ്രമങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിച്ച് കർശന നിയമനടപടികൾ സ്വീകരിച്ചും വരുന്നു. 2016-17-ൽ 12,500 ജണ്ടകളും, 2017-18 ൽ 14,416 ജണ്ടകളും നിർമ്മിച്ച് വനാതിർത്തികൾ വേർതിരിച്ചിട്ടുണ്ട്. 01/04/2018 ൽ ഇപ്രകാരം ജണ്ടകൾ നിർമ്മിച്ച് വേർതിരിക്കുവാനുള്ള വനാതിർ ത്തിയുടെ നീളം ഉദ്ദേശം 2013 കി.മീ ആണെന്ന് (ഉദ്ദേശം 45,060 ജണ്ടകൾ) തിട്ടപ്പെടുത്തിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ 14618 ജണ്ടകൾ നിർമ്മിച്ച് ഉദ്ദേശം 700 കി.മീറ്റർ നീളത്തിലുള്ള വനാതിർത്തികൾ സംരക്ഷിച്ചിട്ടുണ്ട്. വനാതിർത്തികൾ വേർതിരിക്കുന്നതിന് വന ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനായി 2016-17 മുതൽ 30 പേരടങ്ങുന്ന 7 ബാച്ചുകളിലായി 210 ബീറ്റ് ഫോറസ്റ്റ് ഓഫീസർ/ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് സർവ്വെ പരിശീലനം നൽകിക്കഴിഞ്ഞു. കൂടാതെ 8-ാമത്തെ ബാച്ചിലായി 30 പേരുടെ പരിശീലനം നടന്നു വരുന്നുമുണ്ട്.

സെക്ഷൻ ഓഫീസർ